"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ സമ്പ്രദായം - വാർഷിക പദ്ധതി 2024-25– "നാഷണൽ ആയുഷ് മിഷൻ" - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.286/2024/AYUSH തീയതി,തിരുവനന്തപുരം, 16-08-2024

പരാമർശം:- 1. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 10.06.2024-ലെ ഡി.ഐ.എസ്.എം/754/2024-ബി1 നമ്പർ പ്രൊപ്പോസൽ.

2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 12.07.2024 തീയതിയിൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ റവന്യൂ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 12.07.2024 തീയതിയിൽ ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) 2024-25 സാമ്പത്തിക വർഷത്തിൽ 2210-06-101-18(P) റവന്യൂ ശീർഷകത്തിൽ "നാഷണൽ ആയുഷ് മിഷൻ" എന്ന പദ്ധതി പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപയ്ക്ക് (ആയിരത്തി അഞ്ഞൂറ് ലക്ഷം രൂപ മാത്രം) പരാമർശം (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2210-06-101-18(P) "നാഷണൽ ആയുഷ് മിഷൻ"**

| | | | |
|---|---|---|---|
| **ശീർഷകം** - 2210-06-101-18 | | | 1500.00 ലക്ഷം |
| 1. | ആയുർവേദ-സിദ്ധ-യുനാനി മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിനും, കേന്ദ്ര സംസ്ഥാനങ്ങൾ തമ്മിൽ 60:40 അനുപാതത്തിൽ ദേശീയ ആയുഷ് മിഷന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനും (സംസ്ഥാന വിഹിതം) | 150000000 | |
| **ആകെ** | | | **1500.00 ലക്ഷം** |

3) എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ/ ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ കേരള.
ഡയറക്ടർ, ഭാരതീയ ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ/പ്ലാനിംഗ്-ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 16-08-2024 13:45:17
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ-യ്ക്ക്.
ആയുഷ് വകുപ്പ് ജോയിൻ്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.
ആയുഷ് (എ) വകുപ്പ്.